(സി) മാവേലിക്കരയ്ക്കും ചെറിയനാടിനും ഇടയ്ക്ക് കെ. എം. 102/1–2 എന്ന സ്ഥലത്തു ലെവൽക്രോസ് ഉണ്ടാക്കുന്നതിന് നാട്ടുകാരുടേയും പഞ്ചായത്തിന്റെയും അപേക്ഷകളിൻമേൽ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്രഗവൺമെന്റിനെക്കൊണ്ട് പ്രസ്തുത കാര്യങ്ങൾ ചെയ്യിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ട്.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

തിരുവനന്തപുരം കോർപ്പറേഷൻ ഹെൽത്ത് വിഭാഗത്തിന്റെ കീഴിലുള്ള തൊഴിലാളികൾക്ക് പ്രമോഷൻ അവസരം

910 [1674] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷന്റെ ഹെൽത്ത് വിഭാഗത്തിന്റെ കീഴിൽ ശുചീകരണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ക്ലീനർമാർ, കാളവണ്ടിക്കാർ, ട്രാക്ടർ ഡ്രൈവറൻമാർ, ഡ്രില്ലർ ഡ്രൈവറൻമാർ, സ്വീപ്പർ എന്നീ വിഭാഗം തൊഴിലാളികൾക്ക് വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരുന്നാലും യാതൊരുവിധ പ്രമോഷനുകളും ലഭിക്കാൻ സാദ്ധ്യതയില്ലാ എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഗവൺമെന്റിലേയും ഇതര ഡിപ്പാർട്ടുമെന്റുകളിലേയും ജീവനക്കാർക്കു നൽകുന്ന പ്രമോഷനുകളും ഗ്രേഡുകളും തിരുവനന്തപുരം കോർപ്പറേഷൻ ഹെൽത്ത് വിഭാഗത്തിന്റെ കീഴിലുള്ള തൊഴിലാളികൾക്കും നൽകുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശുചീകരണവിഭാഗം തൊഴിലാളികൾ എല്ലാവരും തന്നെ കണ്ടിജൻസി വിഭാഗത്തിൽപെട്ടവരാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കണ്ടിജൻസി തൊഴിലാളികളൊഴികെ മറ്റെല്ലാവിഭാഗം ജീവനക്കാരുടെയും നിയമനം പബ്ലിക് സർവീസ് കമ്മീഷൻ മുഖേന ആയതിനാൽ കണ്ടിജൻസി വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് പ്രമോഷൻ നൽകുന്നതിന് വ്യവസ്ഥയില്ല.

(ബി) ഗ്രേഡ് നൽകുന്ന കാര്യം തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലാണ് തീരുമാനിക്കേണ്ടത്.

തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ എംപ്ലോയീസ് യൂണിയന്റെ നിവേദനം

911 [1675] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ എംപ്ലോയീസ് യൂണിയൻ 9–7–1981–ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു സമർപ്പിച്ച "ചാർട്ടർ ഓഫ് ഡിമാൻഡ്" ചർച്ചചെയ്യുന്നതിന് യൂണിയൻ പ്രതിനിധികളുമായി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly